No.CEE/1999/MDS-2021/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം– 2021–22 പുതുതായി നീറ്റ് എംഡിഎസ് യോഗ്യത നേടിയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സ്വാശ്രയ ദന്തൽ കോളേജുകളിലെ സീറ്റുകൾ നികത്തുന്നത് സംബന്ധിച്ച്

2021 വർഷത്തെ നീറ്റ് എംഡിഎസ് യോഗ്യത മാനദണ്ഡത്തിൽ കേന്ദ്രസർക്കാർ ഇളവ് വരുത്തിയത് പ്രകാരം പുതുതായി യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചിരുന്നു. ഇത് പ്രകാരം പുതുതായി അപേക്ഷ നൽകിയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി തയ്യാറാക്കിയ സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികളെ സ്വാശ്രയ ദന്തൽ കോളേജുകളിൽ ആദ്യഘട്ട സ്ട്രേവേക്കൻസി അലോട്ട്മെന്റിന് ശേഷം നിലവിലുള്ള ഒഴിവുകളിലേക്ക് പരിഗണിച്ച് അതാത് കോളേജുകൾ മുഖേന ഒഴിവുകൾ നികത്തുന്നതാണ്. അഖിലേന്ത്യാ കൗൺസിലിംഗിലൂടെ ആൾ ഇന്ത്യാ ക്വാട്ട സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെയും, പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റുകളിലൂടെ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളെയും മോപ്അപ് കൗൺസിലിംഗിലൂടെ ഏതെങ്കിലും ദന്തൽ കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികളെയും ഒഴിവാക്കിയാണ് സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. സപ്ലിമെന്ററി റാങ്ക് ലിസ്റ്റ്, വിദ്യാർത്ഥികളുടെ സാധ്യതാ ലിസ്റ്റ്, സ്വാശ്രയ കോളേജുകളിലെ വേക്കൻസി ലിസ്റ്റ്, ഒഴിവുകൾ നികത്തുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റായ www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പ്രവേശന പരീക്ഷാ കമ്മീഷണർ നൽകുന്ന മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ പരിഗണിച്ച് നിലവിലുള്ള ഒഴിവുകൾ **18.11.2021, വൈകിട്ട് 3.00 മണിക്കകം** അതാത് കോളേജുകൾക്ക് നികത്താവുന്നതാണ്. നികത്തിയ ഒഴിവുകൾ സംബന്ധിച്ച് 18.11.2021 വൈകിട്ട് 5.00 മണിക്കകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അതാത് കോളേജുകൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ശേഷിക്കുന്ന ഒഴിവുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന സപ്ലിമെന്ററി/മെയിൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ അതാത് കോളേജുമായി ബന്ധപ്പെട്ട് 20/11/2021 വൈകിട്ട് 4 മണിക്ക് മുമ്പായി ആവശ്യമായ രേഖകൾ ഹാജരാക്കി പ്രവേശനം നേടാവുന്നതാണ്. അവസാനഘട്ട പ്രവേശന വിവരങ്ങൾ 20/11/2021 വൈകിട്ട് 5 മണിക്ക് ശേഷം അതാത് കോളേജുകൾ പ്രവേശന പരീക്ഷാകമ്മീഷണർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471- 2525300:**

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**

തിരുവനന്തപുരം
17 .11.2021